**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 929** — **10-06-2021 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് മേഖലയിലെ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | സംരക്ഷിതാധ്യാപക നിയമന വ്യവസ്ഥകൾ പാലിക്കാത്തതിനെ തുടർന്ന് അംഗീകാരം നിരസിക്കപ്പെട്ട എയ്ഡഡ് മേഖലയിലെ അധ്യാപക നിയമനങ്ങൾക്കായി 'സമന്വയ' മുഖേന സമർപ്പിച്ച അപേക്ഷകളും ഫയലുകളും തീർപ്പ് കൽപ്പിച്ച് അംഗീകാരം നൽകുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ കാലതാമസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ഉണ്ടെങ്കിൽ നിയമനാംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | (ബി) | 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാത്തത് കാരണം നിയമനാംഗീകാരം തടസ്സപ്പെട്ടവർക്ക് സംരക്ഷിതാദ്ധ്യാപകനെ പിന്നീട് നിയമിക്കാം എന്ന സത്യപ്രസ്താവന മാനേജർമാർ സമർപ്പിക്കുന്ന മുറയ്ക്ക് നിയമനാംഗീകാരം നൽകാം എന്ന് 06.02.2021 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.4/2021, 25.02.2021 ലെ സർക്കാർ കത്ത് നം.ജെ2/87/2020/ പൊ.വി.വ എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ